AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 282/2018 28.12.2018

## സംസ്ഥാനത്ത് നാളികേരത്തിന്റെ ഭാവി മൂല്യവർദ്ധനവിനെ ആശ്രയിച്ചിരിക്കും - ഡോ. തോമസ് ഐസക്

നാളികേര മേഖലയുടെ ഭാവി കേരളത്തിൽ മൂല്യവർദ്ധനവിനെയും ഉത്പന്ന സംസ്കരണത്തെയും ആശ്രയിച്ചു മാത്രമായിരിക്കും. നിലവിൽ ഈ മേഖല കർഷകർക്ക് അത്ര ആകർഷകമല്ല, കാരണം നാളികേരത്തിന്റെ വിലക്കുറവും ഉത്പാദനക്ഷമതയിലെ കുറവുമാണ്. എന്നാൽ മൂല്യവർദ്ധനയിലൂടെ അത്യാകർഷകമായ രീതിയിലേയ്ക്ക് മേഖലയെ ഉയർത്തനാകുമെന്ന് ധനകാര്യമന്ത്രി ഡോ. തോമസ് ഐസക് അഭിപ്രായപ്പെട്ടു. കാർഷികോത്പന്ന സംസ്കരണം ആസ്പദമാക്കി സംസ്ഥാന കൃഷിവകുപ്പ് തൃശൂരിൽ സംഘടിപ്പിച്ചിരിക്കുന്ന വൈഗ-കൃഷി ഉന്നതിമേളയിൽ മേളയിൽ രണ്ടാം ദിവസം 'നാളികേര മേഖലയുടെ പുനരുദ്ധാരണം' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള സെമിനാർ സെഷനുകളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കൃഷിവകുപ്പ് മന്ത്രി വി.എസ് സുനിൽകുമാർ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.

കാറ്റുവീഴ്ച പോലുള്ള രോഗങ്ങൾ കേരമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും ശാസ്ത്രീയ പരിചരണത്തിലൂടെ ഉത്പാദനശേഷി വർദ്ധിപ്പിക്കാനാകുമെന്ന് ധനകാര്യമന്ത്രി അഭിപ്രായപ്പെട്ടു. രോഗപ്രതിരോധശേഷിയുള്ള തെങ്ങിൻ തൈകളുടെ ഉത്പാദനത്തിനായി ടിഷ്യുകൾച്ചർ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കുറിയ ഇനം തെങ്ങിൻ തൈകളുടെ വ്യാപനം, പുരയിട കൃഷി എന്നിവയ്ക്കും സംസ്ഥാനത്ത് പ്രചരണം നടത്തണം. ശ്രീലങ്കയിൽ നാളികേരത്തിന്റെ കയറ്റുമതി മൂല്യം കേരളത്തിന്റെ മൊത്തം നാളികേര ഉത്പാദന മൂല്യത്തെക്കാൾ അധികമാണ്. മൂല്യവർദ്ധനരംഗത്തുള്ള പുരോഗതിയാണ് ഇതിന് പ്രധാന കാരണം. കേരളത്തിൽ കൊപ്ര, വെളിച്ചെണ്ണ എന്നിവ വരെ മാത്രമേ മൂല്യവർദ്ധനവ് നടക്കുന്നുള്ളൂ. പ്രാദേശിക കർഷക കൂട്ടായ്മകളിലൂടെ കേരഗ്രാമം പോലുള്ള ജനകീയ പദ്ധതി നടപ്പിലാക്കി സമഗ്ര മൂല്യവർദ്ധനവ് ഉറപ്പാക്കുവാൻ നമുക്ക് കഴിയണം. ഇതിനാവശ്യമായ മൂലധനം സഹകരണ മേഖലകളിൽ നിന്നും ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് ഡോ.തോമസ് ഐസക് സൂചിപ്പിച്ചു.

കയർ, കയറുല്പന്നങ്ങൾക്ക് നല്ലൊരു സാധ്യതയാണ് സംസ്ഥാനത്തുള്ളത്. ചകിരിച്ചോറ്, ചെറുനാരുകൾ എന്നിവ തമിഴ്നാട്ടിൽ നിന്നും ധാരാളം കയറ്റുമതി ചെയ്യുന്നുണ്ട്. 18/- രൂപ വരെ അവിടത്തെ കർഷകർക്ക് വില ലഭിക്കുന്നുമുണ്ട്. ചകിരിച്ചോറും, ചെറുനാരും ചേർത്ത് ഹാർഡ്‌വുഡ് നിർമ്മാണ വ്യവസായത്തിനും വൻ സാധ്യതകളാണുള്ളത്. ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് ബാർകോഡിങ്ങ് സംവിധാനം ഏർപ്പെടുത്തി സുതാര്യത ഏർപ്പെടുത്തേണ്ടതും അത്യവശ്യമാണെന്ന് മന്ത്രി പറഞ്ഞു.

കാർഷിക കമ്പോളത്തിൽ പ്രാഥമിക ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് ഉപഭോകതാക്കളാണ്. എന്നാൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് ഉത്പാദകരുമാണ്. കാർഷികോത്പന്നങ്ങളുടെ വില നിശ്ചയിക്കാനുള്ള അധികാരം കർഷകന് ലഭിക്കണമെങ്കിൽ ഉത്പന്നങ്ങൾ മൂല്യവർദ്ധിതപ്പെടുത്തണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

തെങ്ങുകയറുന്നതിന് പൂർണ്ണമായി യന്ത്രവത്കൃത ഉപകരണങ്ങൾ കണ്ടുപിടിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ധ്യക്ഷ പ്രസംഗത്തിൽ കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ സൂചിപ്പിച്ചു. ഇത്തരത്തിൽ ഒരു യന്ത്രസംവിധാനം രൂപകല്പന ചെയ്തെടുക്കുന്ന ഏജൻസികൾക്ക്/ വ്യക്തിയ്ക്ക് കൃഷിവകുപ്പിന്റെ വക 10 ലക്ഷം രൂപയുടെ പാരിതോഷികവും കൃഷിമന്ത്രി വേദിയിൽ പ്രഖ്യാപിക്കുകയുണ്ടായി.

കൃഷി വകുപ്പിന്റെ സ്മാൾ ഫാർമേഴ്സ് അഗ്രിബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ. സി) മുഖാന്തിരം സംരംഭയൂണിറ്റുകൾ തുടങ്ങിയ സംരംഭകർക്കായുള്ള ധനസഹായ വിതരണം ധനമന്ത്രി വേദിയിൽ വിതരണം ചെയ്തു. കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത നാല് യന്ത്രങ്ങളുടെ സാങ്കേതിക വിദ്യ ധനമന്ത്രിയ്ക്ക് കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു കൈമാറി. കാംകോയ്ക്കാണ് (KAMCO) വ്യാവസായികാടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. എഴുമിനിട്ടുകൊണ്ട് തെങ്ങിന്റെ തടം തുറക്കുന്നതിനുള്ള യന്ത്രം, പൊഴിഞ്ഞു വീഴുന്ന തേങ്ങ മുകളിൽ വച്ചു തന്നെ ശേഖരിക്കുന്നതിനായുള്ള തേങ്ങാത്തൊട്ടിൽ, നബാർഡ് സാമ്പത്തിക സഹായത്തോടെ വികസിപ്പിച്ചെടുത്ത ഇരുന്നുതെങ്ങുകയറാൻ സഹായിക്കുന്ന കേരസുരക്ഷ തെങ്ങുകയറ്റയന്ത്രം എന്നിവയുടെ സാങ്കേതിക വിദ്യകളാണ് വേദിയിൽ കൈമാറിയത്. തൃശൂർ ജില്ലയിലെ ആത്മ മികച്ച കർഷകർക്കുള്ള അവാർഡ് വിതരണവും വേദിയിൽ നടന്നു.

ചടങ്ങിൽ കൃഷിവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്, കാർഷികോത്പാദന കമ്മീഷണർ ദേവേന്ദ്രകുമാർസിംഗ് ഐ.എ.എസ്., കേരള കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്, ഡോ. ഇന്ദിരാദേവി, ഡോ. ജിജു.പി.അലക്സ്, നാളികേര വികസന ബോർഡ് മെമ്പർ

പി.ആർ മുരളീധരൻ, എസ്.എഫ്.എ.സി. മാനേജിംഗ് ഡയറക്ടർ എൽ. ജയശ്രീ എന്നിവർ സംസാരിച്ചു.

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ